(Pages : 4) **K – 1143**

Reg. No. : .............................

Name : .................................

# Third Semester B.A./B.Sc. Degree Examination, January 2021

## First Degree Programme under CBCSS

## Malayalam Language

## Language Course VII – Additional Language III

## ML 1311.1 : ദൃശ്യകലാസാഹിത്യം

## (2018 admission onwards)

## Special Examination

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. നളചരിതത്തിന് കാന്താരതാരകം എന്ന വ്യാഖ്യാനം എഴുതിയതാര് ?

2. നളചരിതത്തിന് ജോസഫ് മുണ്ടശ്ശേരി നൽകിയ വിശേഷണം എന്ത് ?

3. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര് ?

4. നിവാചകവചകാലകേയവധം ആരുടെ കൃതിയാണ് ?

5. ജി. ശങ്കരപ്പിള്ളയുടെ ആദ്യനാടകം ഏത് ?

6. മലയാള നാടകസാഹിത്യചരിത്രം എന്ന കൃതി രചിച്ചതാര് ?

7. ഉയരുന്ന യവനിക ആരുടെ കൃതിയാണ് ?

P.T.O.

gcwcentrallibrary.in

8. ശിവ ശിവ എന്തു ചെയ്യാവൂ ഞാൻ ? എന്നെ

ച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ - ആരുടെ വാക്കുകളാണിത് ?

9. അടവിവാസവുമടവുനന്നുനന്നൊരു

കടവുമില്ല തടവുമില്ലവർക്കിഹ - ആർക്ക്?

10. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളിൽ ആദ്യത്തേത് ഏത്?

**(10 × 1 = 10 Marks)**

II. **ഓരോ ഖണ്ഡികയിൽ** കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം - ഇങ്ങനെ പറയാൻ കാരണമെന്ത്?

12. അച്ഛൻ തന്റെ ഇച്ഛയ്ക്ക് ഒരിക്കലും എതിരു നിൽക്കുകയില്ല എന്ന ദമയന്തിയുടെ ദൃഢവിശ്വാസം ഹംസം തിരിച്ചറിയുന്നതെങ്ങനെ?

13. വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ -

നളൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

14. അയ്യോ ഗുണവുമനവധി ദോഷമായിതു - ഹംസം ഇങ്ങനെ പറയാൻ കാരണമെന്ത്?

15. ഉപ്പുപിടിച്ച പദാർത്ഥത്തെക്കാൾ

ഉപ്പിനു പുളി കുറയും പറയുമ്പോൾ - ഇങ്ങനെ പറയാൻ കാരണമെന്ത്?

16. കുറുനരിലക്ഷം കൂടുകിലും ഒരു-

ചെറുപുലിയോട് ഫലിക്കില്ലേതും - സന്ദർഭം എന്ത്?

17. ഗുണവാൻമാരൊരബദ്ധം ചെയ്താൽ

തുണചെയ്യവനുമബദ്ധക്കാരൻ - സന്ദർഭം വ്യക്തമാക്കുക.

18. മേയുന്ന പുല്ലും മറിമാൻ മറന്നു

ചെയ്യുന്ന നൃത്തം മയിലും നിറുത്തി - കാരണമെന്ത്?



gcwcentrallibrary.in

19. ആരെങ്കിലും മുല്ലവള്ളിക്ക് കാഞ്ഞ വെള്ളമൊഴിക്കുമോ - പ്രിയംവദ ഇങ്ങനെ പറയാൻ കാരണം?

20. പണിയെടുക്കാനൊരുതുണ്ട് നെലം കിട്ടിയാൽ ചത്തേടത്തുനിന്നും നമ്മളെണീറ്റുവരും അതല്ലേ നമ്മുടെ മനസ്സിന്റെ തഴക്കം - ആരുടെ വാക്കുകൾ? സന്ദർഭം എന്ത്?

21. 'ഭൂമി കൃഷിചെയ്യാനുള്ളതല്ല പണയം വയ്ക്കാനുള്ളതാണ്' - ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനം എന്ത്?

22. ആർക്കൂട്ടത്തിനൊപ്പം സൈക്കിളും പ്രധാന കഥാപാത്രമാണ് ഡിസിക്കയുടെ ചിത്രത്തിൽ - പരിശോധിക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഒരു നല്ല സുഹൃത്തും മാധ്യസ്ഥനുമാണ് നളചരിതത്തിലെ ഹംസം. നിരൂപിക്കുക.

24. നളചരിതഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

25. നളചരിതം മലയാളത്തിന്റെ ശാകുന്തളം ആണെന്ന ജോസഫ് മുണ്ടശ്ശേരിയുടെ അഭിപ്രായം ചർച്ച ചെയ്യുക.

26. ഉണ്ണായി വാര്യർക്ക് മുൻപ് ഉണ്ടായിരുന്ന ആട്ടക്കഥകളെ പരിചയപ്പെടുത്തുക.

27. ഘോഷയാത്ര തുള്ളൽക്കഥയിലെ ഓട്ടന്റെ സാന്നിധ്യം നിരൂപിക്കുക.

28. മലയാളത്തിലെ ആദ്യകാല നാടകകൃതികൾ പരിചയപ്പെടുത്തുക.

29. ജി. ശങ്കരപ്പിള്ളയും മലയാളനാടകവേദിയും - കുറിപ്പെഴുതുക.

30. കടം ഒരു ആസക്തിയായി വ്യക്തിയിൽനിന്ന് സമൂഹത്തിലേക്ക് പടർന്നു പിടിക്കുന്നതിന്റെ കഥ പറയുകയാണ് രാവുണ്ണി എന്ന നാടകം. വിലയിരുത്തുക.

31. ഇറ്റാലിയൻ നിയോറിയലിസ്റ്റ് സിനിമ എന്ന നിലയിൽ ബൈസിക്കിൾ തീവ്സിനെ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

gcwcentrallibrary.in

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. പ്രണയത്തിന്റെ അങ്ങേയറ്റം കാല്പനികമായ ആവിഷ്ക്കാരമാണ് നളചരിതം ഒന്നാംദിവസത്തിലുള്ളത് - ചർച്ച ചെയ്യുക.

33. സാമൂഹികവിമർശനത്തിനുള്ള ഉപാദാനങ്ങളാണ് കുഞ്ചൻ നമ്പ്യാർക്ക് പുരാണവിഷയങ്ങൾ - പരിശോധിക്കുക.

34. മലയാളത്തിലെ തനതുനാടകപ്രസ്ഥാനം എന്ന വിഷയത്തിൽ ഒരുപന്യാസം തയ്യാറാക്കുക.

35. രണ്ടാംലോക യുദ്ധത്തിന്റെ കെടുതികൾ ചർച്ച ചെയ്യുന്ന സിനിമയാണ് ബൈസിക്കിൾ തീവ്സ്. ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in